കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019


ജില്ലാഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail: doekm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം .കെ.എസ്.എ.- ഇ.കെ.എം. (പി.8)345/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
തീയതി.16.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം. (പി.8) 345/2020 തീയതി: 16.03.2020

**<u>എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ</u>**

**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 29.02.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ. | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2020 മുതൽ 12.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സണ്ണി.എം.യു. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.നവാസ്. സി.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |
| | ശ്രീമതി.സ്വപ്ന.വി. | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ആനീസ് ക്ലീറ്റസ്. | 01.04.2018 മുതൽ 03.04.2018 വരെ |
| | | ശ്രീമതി.ആശ ജിഫി. | 04.04.2018 മുതൽ 11.12.2018 വരെ |
| | | ശ്രീ.സുജിത്ത് ബേബി (ഇൻ ചാർജ്ജ്) | 12.12.2018 മുതൽ 30.12.2018 വരെ |
| | | ശ്രീമതി.ഷീന സണ്ണി | 31.12.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീ.ജോർജ്ജ് ജോൺ | 01.04.2018 മുതൽ 03.04.2018 വരെ |
| | | ശ്രീ.സുജിത്ത് ബേബി | 04.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.റെജി വിൻസെന്റ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ജിജി തോമസ് | 01.04.2018 മുതൽ 14.01.2019 വരെ |
| | | ഒഴിവ് | 15.01.2019 മുതൽ 22.01.2019 വരെ |
| | | ശ്രീമതി.ഷൈനി സണ്ണി | 23.01.2019 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ആശ ജിഫി. | 01.04.2018 മുതൽ 06.05.2018 വരെ |
| | | ഒഴിവ് | 07.05.2018 മുതൽ 28.06.2018 വരെ |
| | | ശ്രീമതി.ആനീസ് ക്ലീറ്റസ്. | 29.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.വി.കെ.സുഭാഷ്. | 01.04.2018 മുതൽ 18.04.2018 വരെ |
| | | ശ്രീ.പൗലോസ്.സി.വി. (ഇൻ ചാർജ്ജ്) | 19.04.2018 മുതൽ 01.07.2018 വരെ |
| | | ശ്രീ.ഷൈജു വർഗ്ഗീസ് | 02.07.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.ശരത് ബി ജോഷി | 01.04.2018 മുതൽ 18.06.2018 വരെ |
| | | ഒഴിവ് | 19.06.2018 മുതൽ 14.07.2018 വരെ |
| | | ശ്രീ.സാം മാത്യു സാബു | 15.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.പൗലോസ്.സി.വി. | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീ.സാജു.കെ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ജിം കെ കിഴക്കൂടൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.അമർലാൽ.കെ. | 01.04.2018 മുതൽ 04.03.2019 വരെ |
| | | ഡോ.ജയമോൾ.വി.ജെ | 05.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.സംഗീത.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ലിജി.പി.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കല്ലൂർക്കാട് | | ശ്രീമതി.സൗമ്യ ചെറിയാൻ | 01.04.2018 മുതൽ 24.01.2019 വരെ |
| | | ശ്രീ.ദിലീപ്കുമാർ.വി.എം. | 25.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നാകപ്പുഴ | | ശ്രീമതി.മഞ്ജുഷ.പി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.ഷേബ പി ബേബി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയ തുക | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 14 | വിവിധ ഇനങ്ങളുടെ ലേലം - അപാകതകൾ | 1-14 |

| | | |
|---|---|---|
| 15 | വാടക – ഈടാക്കിയിട്ടില്ല. | 1-15 |
| 16 | വിവിധ മരാമത്ത് പ്രവൃത്തികൾ-ആദ്യ ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ നടത്തിയതുമൂലം ടെണ്ടർ സേവിംഗ്സ് ഇനത്തിൽ വലിയ തുക നഷ്ടമായി | 1-16 |
| 17 | വിവിധ ടാറിംഗ് പ്രവൃത്തികൾ-കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-17 |
| 18 | തോണിക്കുഴി അംഗനവാടി അറ്റകുറ്റപണി-പദ്ധതി പൂർത്തീകരിച്ചിച്ചില്ല | 1-18 |
| 19 | മരുതൂർ സ്കൂൾ അറ്റകുറ്റപണി-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ വ്യക്തമായ കാരണം കൂടാതെ നിരസിച്ചു | 1-19 |
| 20 | എസ്.സി.ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം - മാർഗ രേഖ പാലിച്ചില്ല. | 1-20 |
| 21 | വെള്ളക്കരം യഥാസമയം അടവാക്കുന്നില്ല. പഞ്ചായത്തിന്റെ ബാദ്ധ്യത വർദ്ധിക്കുന്നു. | 1-21 |
| 22 | വെള്ളക്കരം, വൈദ്യുതി കരം കുടിശ്ശിക – ഉത്ഭവത്തിൽ കുറവ് ചെയ്തത് | 1-22 |
| 23 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - വഴിവിളക്ക് രജിസ്റ്റർ ലഭ്യമല്ല. | 1-23 |
| 24 | ഹോമിയോ മരുന്ന് സമയബന്ധിതമായി ലഭ്യമാകുന്നില്ല. | 1-24 |
| 25 | പ്രീമൺസൂൺ പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-25 |
| 26 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ഉറപ്പാക്കിയില്ല. | 1-26 |
| 27 | വിനിയോഗിക്കാത്ത ഫണ്ട് - വിശദവിവരം ലഭ്യമല്ല | 1-27 |
| 28 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ | 1-28 |
| 29 | 2016-17 അംഗീകാരം ലഭിച്ച റസ്റ്റ് ഹൗസ് കുടിവെള്ള പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 1-29 |
| | <u>ഭാഗം -2</u><br>വരവിനങ്ങളിലെ വ്യക്തമായ നഷ്ടം – ഇല്ല | |
| | <u>ഭാഗം-3</u><br>ചെലവിനങ്ങളിലെ വ്യക്തമായ നഷ്ടം – ഇല്ല | |
| | <u>ഭാഗം 4</u> | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 43 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 44 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

17.03.2018തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 10.05.2019 | - | - |

.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3537174.00 |
| വരവ് | 49149972.00 |
| ആകെ | 52687146.00 |
| ചെലവ് | 47373918.00 |
| നീക്കിയിരിപ്പ് | 5313228.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8921561 | 8921561 | 8891565 | 29996 (lapsed) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2094000 | 2094000 | 2093800 | 200 (lapsed) |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 189000 | 189000 | 189000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 14590000 | 14590000 | 13202171 | 1387829 (lapsed) |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2780000 | 2780000 | 2206391 | 573609 (lapsed) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5747293 | 5747293 | 3139216 | 2608077 (lapsed) |
| ദുരിതാശ്വാസനിധി | | 724 | 29 | 753 | 0 | 753 |
| സാനിട്ടേഷൻ | | 135351 | 503362 | 638713 | 130000 | 508713 |
| ഖരമാലിന്യ നിർമ്മാർജ്ജനം | | 0 | 1200000 | 1200000 | 88835 | 1111165 |
| വെസ്റ്റേൺ ഗട്ട് | | 200000 | 0 | 200000 | 0 | 200000 |
| ഐ.സി.ഡി.എസ് | | 298398 | 360845 | 659243 | 104882 | 554361 |
| നിർമ്മൽ പുരസ്കാരം | | 101204 | 0 | 101204 | 0 | 101204 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 5730 | 256119 | 261849 | 259332 | 2517 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്- സ്റ്റേറ്റ് ഫണ്ട് | | 0 | 44000 | 44000 | 44000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1175999 | 1175999 | 925599 | 250400 |
| | ജില്ലാ പഞ്ചായത്ത് | 26963 | 1889700 | 1916663 | 1815741 | 100922 |
| ജില്ലാപഞ്ചായത്ത് (മൂലധന ചെലവ്) | | 120240 | 0 | 120240 | 0 | 120240 |
| ജില്ലാപഞ്ചായത്ത് (റവന്യൂ ചെലവ്) | | 767194 | 0 | 767194 | 0 | 767194 |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | | 10000 | 0 | 10000 | 0 | 10000 |
| വിമുക്തി | | 28200 | 37500 | 65700 | 45240 | 20460 |
| ബി ഫണ്ട് | | 0 | 175492 | 175492 | 175492 | 0 |
| കേരളോത്സവം | | 1430 | 0 | 1430 | 0 | 1430 |
| ഡെപ്പോസിറ്റുകൾ | | 427755 | 400836 | 828591 | 348976 | 479615 |
| സാക്ഷരത | | 0 | 82188 | 82188 | 82188 | 0 |
| ഗുണഭോക്തൃവിഹിതം | | 0 | 111232 | 111232 | 111232 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് * | 1108517 | 3827759 | 4936276 | 5030482 | -94206 |
| | ട്രഷറി അക്കൗണ്ട് | 216454 | 6055824 | 6272278 | 5098516 | 1173762 |
| കൈയ്യിരുപ്പ് | | 89014 | 4698 | 93712 | 89014 | 4698 |

* തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റ് തുകകളും മറ്റ് ബാദ്ധ്യതകളും കുറച്ച ശേഷമാണ് തനത് ഫണ്ട് കണക്കാക്കിയിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 61074145 | 105 | 35824220 | 29 | 44 | 59% |

<u>ഗ്രാന്റ് ഇൻ എയ്ഡ് - വിനിയോഗം</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡിൽ സംരക്ഷണഗ്രാന്റ്(നോൺറോഡ്), കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 8921561 | 8891565 | 29996 | 99.66% |
| വികസനഫണ്ട് -എസ്.സി.പി | 2094000 | 2093800 | 200 | 99.99% |
| വികസനഫണ്ട് -ടി.എസ്.പി | 189000 | 189000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 14590000 | 13202171 | 1387829 | 90.49% |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2780000 | 2206391 | 573609 | 79.37% |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5747293 | 3139216 | 2608077 | 54.62% |

<u>മോണിട്ടറിങ്ങ് .</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

<u>നൂതന പ്രോജക്ടുകൾ</u>

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5730 | 256119 | 261849 | 259332 | 2517 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16278152 | 16278152 | 16278152 | 0 |
| 100 തൊഴിൽ ദിനം - ഗ്രാന്റ് | 0 | 44000 | 44000 | 44000 | 0 |
| ആകെ | 5730 | 16578271 | 16584001 | 16581484 | 2517 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37440 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 2581200 | 787 |
| വിധവാപെൻഷൻ | 3875200 | 1209 |
| വാർദ്ധക്യകാലപെൻഷൻ | 13762800 | 3956 |
| വികലാംഗപെൻഷൻ | 2012800 | 609 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 559600 | 179 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2020 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23741/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏതാനും കാര്യങ്ങളിലൊഴിച്ച് തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. തെരുവു വിളക്ക് അറ്റകുറ്റ പണി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കണക്കുകൾ സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2018-19 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ കോളങ്ങളും വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു. ചില അപേക്ഷകളിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം പോലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം130(6) പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ 18-19 വർഷം നൽകിയിട്ടുള്ള 2 ടവർ പെർമിറ്റുകളിലും രജിസ്റ്ററിൽ പെർമിറ്റ് കാലാവധി 3 വർഷമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം പൂർണ്ണമായും ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിവിധോദ്ദേശ്യ ഗ്രാന്റുകളും പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിവിധ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും ഗ്രാമ പഞ്ചായത്തിലാണ് സൂക്ഷിച്ചിട്ടുള്ളതെങ്കിലും അവയുടെ ചെലവ് നിരീക്ഷണത്തിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സൂക്ഷ്മത കുറവുണ്ടായിട്ടുണ്ട്. പല കുടിവെള്ള പദ്ധതികളും പൂർതത്തീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ നിർവ്വഹണ ചുമതല ഗുണഭോക്തൃ സമിതിക്ക് ഏൽപിച്ച് കൊടുത്തിട്ടില്ല.

<u>സൂചിക – ബാക്ക് ഓഫീസ് പ്രവർത്തനം</u>

പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളും മറ്റ് തപാലുകളും സൂചികയിലൂടെ അതാത് സെക്ഷനുകളിൽ ലഭിക്കുന്നുണ്ട്. ആകെ ലഭിച്ച 4219 തപാലുകളിൽ യഥാസമയം നടപടി എടുക്കാത്ത 20 ഫയലുകൾ വർഷാവസാനം അവശേഷിക്കുന്നു. പൗരാവകാശരേഖ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ തന്നെ പൗരന് ലഭ്യമാക്കേണ്ട സേവനം ലഭ്യമാകുന്ന തരത്തിൽ തപാലുകൾ തീർപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2020 | ജനുവരി 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.12 -27.11.12 | 2007-08<br>2008-09<br>2009-10<br>2010-11 | 10.01.13 |

| | | | | |
|---|---|---|---|---|
| | | 2011-12 | | |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കിയ തുക

ഓഡിറ്റ് എൻക്വയറികളെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 4478/- രൂപ അടവാക്കിയിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | പേര് | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തിയതി |
|---|---|---|---|---|
| 2/6.3.2020 | സൈമൺ & ഹണി സൈമൺ | കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരണ ഫീസ് | 1029 | 1119030102993/ 07.03.2020 |
| 14/9.3.2020 | പി.എം.മൻസൂർ (കരാറുകാരൻ) | എൻ.എസ്.എസ്. കരയോഗം റോഡ് കോൺക്രീറ്റിങ്ങ് -അധികം നൽകിയ തുക | 2319 | 119030103026/ 10.03.2020 |
| | വിൻസെന്റ് ജോസഫ് (കരാറുകാരൻ) | വഴിയാഞ്ചിറ വിത്തിരംപാറ കനാൽ റോഡ്-അധികം നൽകിയ തുക | 1130 | 119030103027/ 10.03.2020 |
| | ആകെ | | 4478 | |

# 1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

1) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി/ സ്ഥാപനതൊഴിൽ നികുതി | അർദ്ധവർഷം |
|---|---|---|---|
| 1 | സപ്ലൈക്കോ മാവേലി മെഡിക്കൽ സ്റ്റോർ | ജീവനക്കാരുടെ തൊഴിൽനികുതി | ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 2 | കെ.എസ് ഇ.ബി. | സ്ഥാപനതൊഴിൽ നികുതി | രണ്ട്അർദ്ധവർഷവും |
| 3 | ബി.എസ്.എൻ.എൽ. | സ്ഥാപനതൊഴിൽ നികുതി | രണ്ട്അർദ്ധവർഷവും |

2) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘം, ആധാരം എഴുത്താഫീസുകൾ, റേഷൻ കടകൾ, കള്ള്ഷാപ്പുകൾ എന്നിവയിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.06/3.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നീകുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

# 1-14 വിവിധ ഇനങ്ങളുടെ ലേലം - അപാകതകൾ

ലേല രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തേക്ക് വിവിധ ഇനങ്ങൾ ലേലം ചെയ്ത് നൽകിയതിൽ അപാകതകൾ കാണുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലക്കാരന്റെ പേര് / ലേല രജിസ്ററർ പേജ് | ലേലം ചെയ്ത തീയതി | ലേല തുക / ഈടാക്കിയതീയതി | റിമാർകസ് |
|---|---|---|---|---|---|
| 1 | കുച്ചൻ സ്കൂൾ പരിസരം - തെങ്ങ് (8) | പത്മനാഭൻ | 28-03-2018 | 5100/- 19-04-2018 | 3 വർഷ കാലാവധി |
| 2 | പഞ്ചായത്ത് റസ്റ്റ് ഹൗസ് കോംപൗണ്ട് തെങ്ങ് (4) | ശാന്ത കൃഷ്ണൻ കുട്ടി | 28-03-2018 | 5050/- 30-03-2019 | ” |
| 3 | ചെമ്പൻമല കുളം പരിസരം - (4) | ഗോപി കുന്നംപുറത്ത് | 28-03-2018 | 5000/- 17-04-2018 | ” |

1. 20-03-2018 ലെ ലേല പരസ്യത്തിലെ നിബന്ധന 2 പ്രകാരം ലേലം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അറിയിപ്പ് കിട്ടി 7 ദിവസത്തനകം ആവശ്യമായ സെക്യൂരിറ്റി തുക അടച്ച് 200 രൂപയുടെ മുദ്ര പത്രത്തിൽ പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതും ലേല തുക പൂർണ്ണമായി അടയ്ക്കേണ്ടതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച ലേലങ്ങൾക്ക് ലേലക്കാരനുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. ലേലം ഇനം. 2ൽ തെങ്ങ് ലേലം ചെയ്തയാൾ ലേല തുക അടച്ചിരിക്കുന്നത് 30-03-2019 ൽ ആണ്. ലേലം ചെയ്ത് ഒരു വർഷം കഴിഞ്ഞാണ് ലേല തുക അടച്ചത്. എന്നാൽ നിയമപ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയിട്ടുമില്ല. ഇപ്രകാരം തുക ലേല നിബന്ധന പ്രകാരം യഥാസമയം അടച്ചിട്ടില്ല.
3. കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് വക ബസ്സ്റ്റാന്റ് 2018-19 വർഷം 7 പ്രാവശ്യം ലേലത്തിന് വച്ചെങ്കിലും ലേലം നടന്നില്ല എന്ന് രജിസ്റ്ററിൽ കണ്ടു. 2017-18 വർഷം

25200/- രൂപ ഈ ഇനത്തിൽ വരവുള്ളതാണ്. ലേല ഇനത്തിലെ സുപ്രധാന വരവിനങ്ങളിലൊന്നായ ബസ് സ്റ്റാന്റ് ഫീസ്, കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് നേരിട്ട് ഫീസ് പിരിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയിട്ടുമില്ല.

മേൽ വിവരിച്ച പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/11.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിന്റെ ലഭ്യത കുറഞ്ഞ പഞ്ചായത്ത് എന്ന നിലയിൽ പഞ്ചായത്തിന് ലഭ്യമായിട്ടുള്ള എല്ലാ തനത് വരുമാന സ്രോതസ്സുകളും പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

# 1-15 വാടക – ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നും 2017-18 വർഷം വാടക ഈടാക്കിയിട്ടുണ്ടെങ്കിലും 2018-2019 സാമ്പത്തിക വർഷത്തിൽ വാടക ഈടാക്കിയതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ കിട്ടാനുള്ള തുക രേഖപ്പെടുത്തിയിട്ടുമില്ല.

| 2017-18 ലെ വാടക വിവരം | | | |
|---|---|---|---|
| ക്രമ നം | വാടകക്കാരൻ | കെട്ടിട നം/ വാർഡ്നം | വാടക (പ്രതിമാസം) |
| 1 | അജി.പി.വി | IV/51 | 2550 |
| 2 | രാജു കമാലിക്കാവിൽ | IV/6 | 621 |
| 3 | അനിൽ മോഹനൻ | II/126J | 730 |
| 4 | അഭിലാഷ് പാറ്റാമലയിൽ | 12/650F | 1628 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/11.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട വാടകയിനത്തിലുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-16 വിവിധ മരാമത്ത് പ്രവൃത്തികൾ-ആദ്യ ടെണ്ടർ റദ്ദു ചെയ്ത് റീടെണ്ടർ നടത്തിയതുമൂലം ടെണ്ടർ സേവിംഗ്സ് ഇനത്തിൽ വലിയ തുക നഷ്ടമായി

ജി.82833/18 നമ്പർ വിൻഡോ പരസ്യ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 53 പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നു. പ്രളയക്കെടുതിമൂലം ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 16.08.18 ൽ നിന്നും 21.8.18 ലേക്ക് നീട്ടിവയ്ക്കുകയും

പ്രസ്തുത വിവരം ഗ്രാമ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വൻ മത്സര സ്വഭാവം പുലർത്തിയ ടെണ്ടറിൽ ടെണ്ടർ സേവിംഗ്സ് ആയി ഗ്രാമ പഞ്ചായത്തിന് ₹1844047/-ലഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ടെണ്ടർ 21.8.18 ലേക്ക് നീട്ടിവച്ച വിവരം പത്രത്തിൽ പരസ്യം ചെയ്തില്ല എന്ന കാരണത്താൽ 21.8.18 ലെ തീരുമാനം 2 പ്രകാരം പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ റദ്ദ് ചെയ്യുകയും 14.9.18 ൽ റീടെണ്ടർ ചെയ്ത് നൽകുകയും ചെയ്തു. റീടെണ്ടറിൽ ചുരുക്കം ചില പ്രവൃത്തികൾ ആദ്യ ടെണ്ടറിനെ ആപേക്ഷിച്ച് കുറഞ്ഞ നിരക്കിൽ കരാറുകാർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തികളിലും ഗ്രാമ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് നഷ്ടമായിട്ടുണ്ട്. ആദ്യ ടെണ്ടറിൽ 9.77% മുതൽ 22.1% വരെ ടെണ്ടർ കിഴിവ് രേഖപ്പെടുത്തിയ പല പ്രവൃത്തികളും പിന്നീട് എസ്റ്റിമേറ്റ് നിരക്കിലാണ് നടപ്പാക്കിയിട്ടുള്ളത്. ടെണ്ടർ കിഴിവ് രേഖപ്പെടുത്തിയതിൽ കൂടുതൽ വ്യതിയാനം ഉണ്ടായിട്ടുള്ള ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആദ്യ ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് | റീടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| മലയാറ്റി കോളനി റോഡ് കോൺക്രീറ്റിംഗ്(57/19) | 27.2% കുറവ് | 20.1% കുറവ് |
| വലിയാഞ്ചിറ വിത്തിപോറ കനാൽ റോഡ്(67/19) | 20% കുറവ് | 10.1% കുറവ് |
| നാഗപ്പുഴ തൈമറ്റം റോഡ് കോൺക്രീറ്റിംഗ്(70/19) | 18.7% കുറവ് | 13.7% കുറവ് |
| പന്തേനപ്പാറ പുളിയാനിക്കാട് റോഡ്(73/19) | 13.7% കുറവ് | 9.12% കുറവ് |
| ഇരുമ്പൻതണ്ട് പുളിയാനിക്കാട് റോഡ്(75/19) | 17.5% കുറവ് | 10.5% കുറവ് |
| അമ്പലച്ചിറ കനാൽ റോഡ്(86/19) | 21% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| കുളത്തുപ്പാറ പമ്പ് ഹൗസ് റോഡ്(62/19) | 18% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| കുറ്റിമാക്കൽ റോഡ് സൈഡ് കെട്ട്(69/19) | 18% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| നീറമ്പുഴ വെയിറ്റിംഗ് ഷെഡ് നിർമ്മാണം(90/19) | 22.1% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| കല്ലൂർക്കാട് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ(45/19) | 9.77% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| തോണിക്കുഴി അംഗനവാടി മെയിന്റനൻസ്(117/19) | 2.1% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |

ആദ്യ ടെണ്ടർ റദ്ദ് ചെയ്യുന്നതിനെതിരായിട്ടുള്ള അസി.എഞ്ചിനിയറുടെ വിയോജനക്കുറിപ്പ് പഞ്ചായത്ത് കമ്മിറ്റി പരിഗണിച്ചിട്ടില്ല. ആദ്യ ടെണ്ടർ ടെണ്ടർ റദ്ദ് ചെയ്യാതെ പുതിയതായി ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിച്ച് എല്ലാ ടെണ്ടറുകളും ഒരുമിച്ച് തുറന്ന് പരിശോധിച്ചിരുന്നെങ്കിൽ ടെണ്ടർ സേവിംഗ്സ് നഷ്ടം

ഒഴിവാക്കാമായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.19/ 10.3.2020) കൂടുതൽ ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനാണ് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങളിൽ സൂക്ഷ്മത പുലർത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വിവിധ ടാറിംഗ് പ്രവൃത്തികൾ-കാലി വീപ്പയുടെ വില ഈടാക്കിയില്ല

2018-19 വർഷം പൂർത്തീകരിച്ചിട്ടുള്ള താഴെപ്പറയുന്ന ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളതെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ & അളവുബുക്ക് നം. | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | പദ്ധതി ചെലവ് | | കാലി വീപ്പയുടെ വിലയായി കുറവു ചെയ്യേണ്ടിയിരുന്ന തുക | |
|---|---|---|---|---|---|---|
| | | | ബിൽനം/ തീയതി | തുക | കാലി വീപ്പ @238/ ബാരൽ | ജി.എസ്.ടി |
| നാഗപ്പുഴ ചർച്ച് ഇരപ്പനമാലി റോഡ്(170/19) | റിയാസ് കെ.എം 940/18-19 | 20 ബാരൽ | 50/4.2.19 | 339241 | 4760 | 857 |
| കരിനാട്ടുകുളം റോഡ് റീടാറിംഗ് (96/19) | തോമസ് ജോർജ്ജ് 99/16-17 | 21 ബാരൽ | 66/20.3.19 | 346999 | 4998 | 900 |
| ആകെ | | | | | 9758 | 1757 |

1.11.17 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് 87/2017 പ്രകാരം കരാറുകാർക്ക് 3% ജി.എസ്.ടി. നഷ്ട പരിഹാരം നൽകുമ്പോൾ പ്രസ്തുത തുകയിൽ നിന്നും കാലിവീപ്പയുടെ വില ക്രമീകരിക്കുന്നതാണെന്ന് എ.ഇ. മറുപടി നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 തോണിക്കുഴി അങ്കണവാടി അറ്റകുറ്റപണി-പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം | 117/18-19 |
| [illegible] | [illegible] |

| | |
|---|---|
| പദ്ധതി അടങ്കൽ | ₹288000 |
| കരാറുകാരൻ | കെ.എം. ഉലഹന്നൻ |
| അളവുബുക്ക് | 1238/18-19 |
| പദ്ധതി ചെലവ് | ₹76401/- (ബിൽ നം.81/26.3.19) |

തോണിക്കുഴി അങ്കണവാടി അറ്റകുറ്റപണി എന്ന പ്രവൃത്തിയിൽ പാർട്ട് ബില്ലായി ₹76401/-കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ പെയിന്റിംഗ്, സ്റ്റീൽ ട്രസ്സ് വർക്ക് എന്നിവയാണ് പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്.5.12.18 ൽ കരാർ ഒപ്പിട്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 മാസമായിരുന്നു. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കേണ്ടതാണ്.

# 1-19 മരുതുർ സ്കൂൾ അറ്റകുറ്റപണി-കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ടെണ്ടർ വ്യക്തമായ കാരണം കൂടാതെ നിരസിച്ചു

| | |
|---|---|
| പ്രോജക്ട് നം | 148/19 |
| പദ്ധതി അടങ്കൽ | 188076 |
| കരാറുകാരൻ | പ്രവീൺ വർഗീസ് |
| അളവു ബുക്ക് | 947/18-19 |
| പദ്ധതി ചെലവ് | 148837/- (ബിൽ നം.53/19.3.19) |

മരുതുർ സ്കൂൾ അറ്റകുറ്റപണി എന്ന പ്രവൃത്തിക്കു വേണ്ടി രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് ശ്രീ ശ്രീജിത് ടി.ജി എന്ന കരാറുകാരനായിരുന്നു(14.6% കുറവ്). ഇ.എം.ഡി തുക കുറഞ്ഞു പോയി എന്ന കാരണത്താൽ പ്രസ്തുത ടെണ്ടർ നിരസിച്ച് 9.1% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ ശ്രീ പ്രവീൺ വർഗീസ് എന്ന കരാറുകാരനെ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏൽപിക്കുകയും ചെയ്തു.എന്നാൽ കരാറുകാരനായ ശ്രീ ശ്രീജിത് ടി.ജി. അസി എഞ്ചിനിയറുടെ പേരിൽ ₹5000/- യുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് (A/c no.37095594657 എസ്.ബി.ഐ മുട്ടം) ഇ.എം.ഡി ഇനത്തിൽ പ്ലഡ്ജ് ചെയ്തിരുന്നതായി ഫയലിൽ നിന്നും വ്യക്തമായിട്ടുണ്ട്. അളവു ബുക്കു പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യമായ ₹163737/-യിൽ നിന്നും 9.1% ടെണ്ടർ കുറവു വരുത്തിയ ശേഷം ₹148837/-യാണ് പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളത്.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ 5.5% നിരക്കിൽ (14.6-9.1) ₹9006/-(163737*5.5) പ്രവൃത്തിയിൽ ലാഭിക്കാമായിരുന്നു. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് 'എ.ഇ,എൽ.എസ്.ജി.ഡി കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്' എന്ന പേരിൽ പ്ലഡ്ജ് ചെയ്യുന്നതിനു പകരം എ.ഇ എന്ന പേരിൽ മാത്രം പ്ലഡ്ജ് ചെയ്തതിനാലാണ് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചതെന്ന് എ.ഇ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടറിലെ നിസാര തെറ്റുകൾ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ടെന്ന് 2012 ലെ പൊതുമരാമത്ത് മാന്വൽ

സെക്ഷൻ 2009.2 ൽ വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികളിൽ കേരള പൊതുമരാമത്ത് മാന്വൽ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-20 എസ്.സി.ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം - മാർഗ രേഖ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്0030/2018-19 |
| പ്രോജക്ട് പേര് | പി.വി.സി.വാട്ടർ ടാങ്ക് നൽകൽ - എസ്.സി. |
| നിർവ്വഹണം | അസിസിറ്റന്റ് സെക്രട്ടറി |
| അടങ്കൽ | 158200(ഗുണഭോക്തൃ വിഹിതം - 39200 |
| ചെലവ് | 119000(സൂലേഖ പത്രിക പ്രകാരം ) |
| ബിൽ നം. | 1. 51450/- 3/2018-19 /23-10-2018<br>2. 67550/- 9/2018-19/ 16-11-2018 |

പട്ടിക ജാതി വിഭാഗം ഗുണഭോക്താക്കൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. ജി.ഒ.(എം.എസ്.)22/2018 ത.സ്വ.ഭ.വ 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രകാരം ഖണ്ഡിക 6-6 ൽ വാട്ടർ ടാങ്ക് നൽകുന്നതിലെ നിബന്ധനകളിൽ നിലവിൽ ടാങ്ക് ഉള്ളവർക്കും, ഒരിക്കൽ ടാങ്ക് നൽകിയവർക്കും ആനുകൂല്യം നൽകാൻ പാടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന് മേൽ ആനുകൂല്യം മുമ്പ് ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതായിരുന്നു. ആനുകൂല്യം നൽകുമ്പോൾ ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നിർവ്വഹണോദ്യോഗസ്ഥൻ നടത്തേണ്ടതാണ്.

2. പ്രോജക്ട് പ്രകാരം ആകെ അടങ്കൽ തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 158200 രൂപയാണ്. എന്നാൽ ചെലവ് പത്രികയിൽ ചെലവ് ഭാഗത്ത് ഗുണഭോക്തൃ വിഹിതം സംബന്ധിച്ച ചെലവ് ഇല്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് സപ്ളയർക്ക് നൽകിയ തുകകളായ 51450/-, 67550/- എന്നിവയുടെ ബിൽ ആണ് ഉള്ളത്. ഗുണഭോക്തൃവിഹിതം പിരിച്ച് കൈമാറിയ തുകയായ 39200/- രൂപയ്ക്ക് വാങ്ങിയ വാട്ടർ ടാങ്കിന്റെ ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടേതായി സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ഗുണഭോക്തൃ വിഹിതം 613/- രൂപ വീതം കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തുക പിരിച്ചത് ഗ്രാമ പഞ്ചായത്ത് സാംഖ്യാ രസീത് പ്രകാരമാണ്. എന്നാൽ ഈ തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. ആകെ 39200/- രൂപ പിരിച്ചതായും ചെക്ക് നമ്പർ 17717 പ്രകാരം കൈമാറിയിട്ടുള്ളതുമാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. 158200 രൂപ പ്രൊജക്ട് അടങ്കൽ ഉള്ള ഈ പ്രോജക്ട് പ്രകാരം വാട്ടർ ടാങ്ക് വാങ്ങിയതിന് അനുവർത്തിച്ചത് ക്വട്ടേഷൻ വാങ്ങൽ രീതി ആണ്. ജി.ഒ.(പി) നം. 259/2010 ത.സ്വ.ഭ.വ തീയതി 08-11-2010 പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ

പ്രകാരം മതിപ്പ് വില 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതിയാണ് സ്വീകരിക്കേണ്ടത്. ഈ പ്രോജക്ട് ക്വട്ടേഷൻ രീതിയിൽ ചെയ്തിരിക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. വാങ്ങൽ സംബന്ധിച്ച കാര്യങ്ങൾ പരസ്യം ചെയ്തിട്ടില്ല. ക്വട്ടേഷൻ സ്വീകരിച്ചിരിക്കുന്നത് ലോക്കൽ ഹാർഡ് വെയർ ഷോപ്പുകളിൽ നിന്നുമാണ്. വാങ്ങിയ വാട്ടർ ടാങ്കുകളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങളോ , ISI സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങളോ പ്രോജക്ട് ഫയലിൽ ഇല്ല. ഇപ്രകാരം പ്രോജക്ട് നിർവ്വഹണം നടത്തിയത് പ്രോജക്ട് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എടുക്കാതെയാണ് എന്ന് മനസ്സിലാകുന്നു.

4. പ്രോജക്ട് പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

വാട്ടർ ടാങ്ക് നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം പിരിച്ചത് ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ ഗുണഭോക്തൃ വിഹിതം പിരിച്ച തുകയായ 39200/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-21 വെള്ളക്കരം യഥാസമയം അടവാക്കുന്നില്ല. പഞ്ചായത്തിന്റെ ബാദ്ധ്യത വർദ്ധിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കൽ (എസ് 0003/19) |
| അടങ്കൽ | 11,00,000/- സംരക്ഷണ ഗ്രാന്റ് - റോഡിതരം |
| ചെലവ് വിവരം | 11,00,000/- (ബിൽ നം.18/ 24.11.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 226 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് 11,70,683/- ( 1051152 കുടിശിക + 20656 ഫൈൻ + 98875 തൻമാസ വെള്ളക്കരം) രൂപയുടെ ഡിമാന്റ് നോട്ടീസ് നം.29584/ 11.10.2018 പ്രകാരം ലഭിച്ചു. ആയത് മേൽ പ്രോജക്ടിന്റെ ഭാഗമായി അടവാക്കിയിട്ടുണ്ട്. ഈ തുക ജലഅതോറിറ്റിയുടെ 67081620535 (SBIN 0070020) എന്ന അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ക്രമീകരിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് (നം.30846/ 10.12.2018) ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ വെള്ളക്കരം ഇനത്തിൽ വേറെ തുകയൊന്നും ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 40(c)(1), 40(c)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നാൽ ആയത് കുടിശ്ശികയും പിഴപ്പലിശയും സഹിതം അടവാക്കേണ്ടിവരുകയോ അടവാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റ് ഇൻ എയിഡിൽ നിന്നും ഉത്ഭവത്തിൽ കുറവ് വരുത്തുകയോ ചെയ്യും എന്ന് അറിയാമായിരുന്നിരിക്കെ നവംബർ 2018 ന് ശേഷം വെള്ളക്കരം അടവാക്കിയിട്ടില്ല. 2019 മാർച്ച് മാസത്തിൽ പഞ്ചായത്തിന്റെ ബാദ്ധ്യത 615121/- രൂപയായിട്ടുണ്ട് (ഡിമാന്റ് നോട്ടീസ് നം.33138/12.03.2019).

വെള്ളക്കരമടവ് സംബന്ധിച്ച് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നത് പഞ്ചായത്തിനെ കൂടുതൽ ബാദ്ധ്യതയിലേക്ക് എത്തിക്കുമെന്നതിനാൽ ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധയ്ക്കായിലേക്കായി ശുപാർശ ചെയ്യുന്നു.

## 1-22 വെള്ളക്കരം, വൈദ്യുതി കരം കുടിശ്ശിക – ഉത്ഭവത്തിൽ കുറവ് ചെയ്തത്

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വികസന ഫണ്ട്, പൊതുആവശ്യഫണ്ട് എന്നിവയിൽ നിന്നും ഉത്ഭവത്തിൽ കുറവ് വരുത്തിയ വെള്ളക്കരം വൈദ്യുതി കരം കുടിശ്ശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് | ഉത്തരവ് | കുറവ് ചെയ്ത കുടിശ്ശിക തുക | |
|---|---|---|---|
| | | വെള്ളക്കരം | വൈദ്യുതി കരം |
| വികസന ഫണ്ട് (പൊതുവിഭാഗം) | സ.ഉ.(സാധ) 9858/2018/ ധന/ 29.11.2018 | 120330.00 | 4028.00 |
| പൊതു ആവശ്യ ഗ്രാന്റ് | സ.ഉ.(സാധ) 10069/2018/ ധന/ 7.11.2018 | 30083.00 | 1007.00 |
| ആകെ | | 150413.00 | 5035.00 |
| തിരികെ ലഭിച്ച തുക | | | |
| വികസന ഫണ്ട് (പൊതുവിഭാഗം) | സ.ഉ.(സാധ) 1194/2019/ധന/ 16.2.2019 | 0.00 | 0.00 |
| പൊതു ആവശ്യ ഗ്രാന്റ് | | 22928.00 | 0.00 |
| 2018-19 വർഷം കുറവ് ചെയ്ത അറ്റതുക | | 127485.00 | 5035.00 |
| വികസന ഫണ്ട് (പൊതുവിഭാഗം)<br>പൊതു ആവശ്യ ഗ്രാന്റ് | | 120330.00<br>7155.00 | 4028.00<br>1007.00 |

<u>വെള്ളക്കര കുടിശ്ശിക</u>

ഈ തുകയ്ക്ക് ജലഅതോറിറ്റിയിൽ നിന്നും രസീത് ലഭ്യമാക്കുകയോ ആയത് കണക്കിൽ ഉൾപ്പെടുത്തി പുതുക്കിയ ഡിമാന്റ് നൽകിയതായോ കാണുന്നില്ല.

<u>വൈദ്യുതി കരം</u>

ഗ്രാമപഞ്ചായത്ത് വൈദ്യുതി കരം എല്ലാമാസത്തിലും അടവാക്കുന്നുണ്ട്. എന്നിട്ടും കുടിശിക ഗ്രാന്റ് ഇൻ എയിഡിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്തത് എങ്ങനെയെന്ന് വ്യക്തമല്ല. വൈദ്യതി കരം കുടിശ്ശിക 5035/- രൂപ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുള്ളതിന് വൈദ്യുത ബോർഡിൽ നിന്നും രസീത് ലഭ്യമാക്കുകയോ പുതുക്കിയ ഡിമാന്റ് ലഭ്യമാക്കിയതായോ കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുക തിരികെ ഈടാക്കുന്നതിനോ ക്രമീകരിച്ച് ലഭിക്കുന്നതിനോ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം. 21/10.3.2020) ആവശ്യപ്പെട്ടതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

# 1-23 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - വഴിവിളക്ക് രജിസ്റ്റർ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ ആന്റ് മെയിന്റനൻസ് (എസ് 0163/19) |
| അടങ്കൽ | 3,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് വിവരം | 3,00,000/- (ബിൽ നം.21/ 16.1.2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 197 LED (24W) വഴിവിളക്കുകൾ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് ( ഇൻവോയ്സ് നം. UES/18-19/2129/ 28.12.2018). ഈ വഴിവിളക്കുകൾ 47, 13, 60,72,5 എണ്ണം വീതം യഥാക്രമം 8,9,12,4,13 എന്നീ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഒരോ വാർഡിലും ഏതെല്ലാം പോസ്റ്റുകളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയ ഒരു വഴിവിളക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. കൂടാതെ കേടായ പഴയ വഴിവിളക്കുകൾ മാറ്റിയാണ് LED വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. മാറ്റിയ വഴിവിളക്കുകൾ ഏത് തരത്തിൽ പെട്ടതാണെന്നും അവ വൈദ്യുത ബോർഡിന്റെ രേഖകളിൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 07.03.2020) വഴിവിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പർ ശേഖരിക്കുവാൻ വിട്ടുപോയി എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 197 വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ സഹിതം വഴിവിളക്ക് രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കുന്നതിന് വിധേയമായി 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 ഹോമിയോ മരുന്ന് സമയബന്ധിതമായി ലഭ്യമാകുന്നില്ല.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (എസ് 0161/19) |
| അടങ്കൽ | 60,000/- സംരക്ഷണ ഗ്രാന്റ് - റോഡിതരം |
| ചെലവ് വിവരം | 60,000/- (ബിൽ നം.25/ 4.2.2019) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോപതി) ലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോ യുടെ 15.02.2018 ലെ 1428 -ം നമ്പർ പ്രൊഫോർമ്മ ഇൻവോയിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം തുക ഹോംകോയിലേക്ക് മുൻകൂർ അടവാക്കിയിട്ടുണ്ട്. പണം മുൻകൂർ അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകാത്തിന്റെ കാരണവും ആയത് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം. 09/ 7.3.2020) ആവശ്യപ്പെട്ടതിന് LF.2093/14.02.2020 -ാം നമ്പർ ഇൻവോയ്സ് പ്രകാരം മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പണം മുൻകൂർ നൽകി ഒരു വർഷം കഴിഞ്ഞ് മാത്രമാണ് മരുന്നുകൾ ലഭിച്ചിട്ടുള്ളത്.

15.02.2018 ലെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 04.02.2019 ൽ മാത്രമാണ് തുക നൽകിയത് എന്നതിനും രണ്ടുവർഷക്കാലം ഡിസ്പെൻസറി പ്രവർത്തിക്കുവാൻ വേണ്ട മരുന്നുകൾ എങ്ങനെ കണ്ടെത്തി എന്നതു് സംബന്ധിച്ചും വിശദീകരണം (ഓഡിറ്റ് അന്വേഷണം നം. 09/ 7.3.2020) ആവശ്യപ്പെട്ടതിന് ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് പണമടവാക്കി ഒരു വർഷത്തിന് ശേഷമാണ് മരുന്ന് ലഭിക്കുന്നത് എന്നും 2016-17 വർഷത്തിൽ വകയിരുത്തിയ 60000/- രൂപ 02.03.2017 അടവാക്കിയെങ്കിലും മരുന്ന് 2018 ജനുവരിമാസത്തിലാണ് ലഭിച്ചതെന്നും ആയതിനാൽ കൂടുതൽ മരുന്ന് വാങ്ങി സൂക്ഷിക്കാറുണ്ടെന്നും മരുന്നിന് ക്ഷാമം ഉണ്ടാകില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻകൂർ തുക കരാർ ചമച്ച് മാത്രം നൽകുന്നതിനും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നതിന് വേണ്ട മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും ആര്യോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

# 1-25 പ്രീമൺസൂൺ പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| വൗച്ചർ നം | 21800220/26.6.2018 |
| തുക | 130000/- രൂപ |

പ്രീമൺസൂൺ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഡൊന്നിന് 10000/- രൂപ നിരക്കിൽ, 230800110 (sanitation expences) എന്ന ചെലവ് ഹെഡിൽ രേഖപ്പെടുത്തി, പ്രസ്തുത തുക മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് രേഖകൾ ലഭ്യമല്ല. ഈ തുക മുൻകൂർ അനുവദിച്ചപ്പോൾ സാംഖ്യയിൽ അഡ്വാൻസ് ഹെഡിൽ രേഖപ്പെടുത്താതെ ചെലവ് ഹെഡിൽ രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കുന്നതിനും ചെലവ് രേഖകൾ ഹാജരാക്കുന്നതിനും രേഖാമൂലം ( ഓഡിറ്റ് എൻക്വയറി നം. 11/ 07.03.2020) ആവശ്യപ്പെട്ടതിന് ഹെഡ് രേഖപ്പെടുത്തുന്നതിൽ പിശക് സംഭവിച്ചതാണെന്നും തുക പൂർണ്ണമായും ചെലവഴിച്ചു എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പണം ചെലവഴിച്ചതിന്റെ വൗച്ചറുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഈ

സാഹചര്യത്തിൽ ചെലവ് രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി 1.3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ഉറപ്പാക്കിയില്ല.

ജി.ഒ.(ആർ.ടി) 01/2011/ ഐ& പി.ആർ.ഡി / 04.01.2011 ഉത്തരവനുസരിച്ച് സർക്കാർ സ്ഥാപനങ്ങൾ ദിനപ്പത്രത്തിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ 15% ഡിസ്കൗണ്ട് പരസ്യചാർജ്ജിന് ലഭിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് മംഗളം ദിനപ്പത്രത്തിലെ പരസ്യത്തിന് 15% ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ മാതൃഭൂമി ദിനപ്പത്രത്തിൽ നിന്നും ഇപ്രകാരം ഡിസ്കൗണ്ട് ഉറപ്പാക്കാതെയാണ് പരസ്യചാർജ്ജ് നൽകിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. | തുക | റിമാർക്ക്സ് |
|---|---|---|
| 21800125/ 16.5.2018 | 3942/- | മംഗളം ദിനപ്പത്രത്തിന് 15% ഡിസ്കൗണ്ട് കുറച്ച് നൽകിയ പരസ്യചാർജ്ജ് |
| 21801178/ 31.3.2019 | 36451/- | മംഗളം ദിനപ്പത്രത്തിന് 15% ഡിസ്കൗണ്ട് കുറച്ച് നൽകിയ പരസ്യചാർജ്ജ് |
| 21800126/ 16.5.2018 | 16464/- | മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ പരസ്യചാർജ്ജ്. 15% ഡിസ്കൗണ്ട് ലഭിക്കാത്തതിനാൽ 2470/- രൂപ അധികം നൽകി. |
| 21801179/ 31.3.2019 | 49120/- | മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ പരസ്യചാർജ്ജ്. 15% ഡിസ്കൗണ്ട് ലഭിക്കാത്തതിനാൽ 7368/- രൂപ അധികം നൽകി. |

പത്രപരസ്യചാർജ്ജിന് ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് ഉറപ്പാക്കത്തതിനാൽ 9838/- രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് (നം.20/10.3.2020) മാതൃഭൂമി ദിനപ്പത്രം ഡിസ്കൗണ്ട് അനുവദിക്കില്ല എന്ന് അറിയാതെയാണ് ടെണ്ടർ പരസ്യം നൽകിയതെന്നും പിന്നീട് ഈ പത്രത്തിന് പരസ്യം നൽകുന്നത് ഒഴിവാക്കിയെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഈ സ്ഥാപനത്തോട് ഡിസ്കൗണ്ട് ആവശ്യപ്പെട്ടിട്ടില്ല. മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ഡിസ്കൗണ്ട് നൽകുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ട കിഴിവുകൾ ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 വിനിയോഗിക്കാത്ത ഫണ്ട് - വിശദവിവരം ലഭ്യമല്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.4 ഷെഡ്യൂളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന താഴെ ചേർക്കുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റ് സംബന്ധിച്ച്

വിശദവിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 22/11.3.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ഫണ്ട് കോഡ് | ഫണ്ടിന്റെ വിവരണം | തുക |
|---|---|---|
| 320700105 | Contributions for Joint Venture Projects (for revenue expenditure) from district Panchayat | 26963.00 |
| 320700305 | Contributions for other specific purpose (for capital expenditure) from district panchayat | 120240.00 |
| 320700404 | Contributions for other specific purpose (for revenue expenditure) from block panchayat | 10000.00 |
| 320700405 | Contributions for other specific purpose (for revenue expenditure) from district panchayat | 767194.00 |

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭ്യമായിട്ടുള്ള ഈ തുകകൾ വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകേണ്ടതാണ്.

# 1-28 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ / സൈഡ് കെട്ട് പ്രവൃത്തി ചെയ്തിട്ടുള്ളതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 05/6.3.2020) ലഭ്യമാക്കിയ മറുപടിയും കൂടി പരിഗണിച്ച് പരാമർശം, പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയ്ക്കായി താഴെ ചേർക്കുന്നു.

എ) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.32 (ii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും (മെറ്റൽ - 40 മി.മീ, 20 മി.മീ, 10 മി.മീ., സിമെന്റ്, മണൽ, ) ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

വലിയ തുകയ്ക്ക് ടെണ്ടർ ക്ഷണിക്കേണ്ടി വരുമ്പോൾ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലാണ് കുറഞ്ഞ തുകയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നത് എന്നാണ് ഈ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എല്ലാ പ്രവൃത്തികൾക്കുമായി മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് നാളിതുവരെ ഒരു ടെണ്ടർ നടത്തിയതായി കാണുന്നില്ല. മാത്രമല്ല തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ പ്രവൃത്തിക്കുവേണ്ടിയും മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുള്ളത് നിലവിൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് വേലകൾ നടത്തുന്ന കരാറുകാർ തന്നെയാണ്. ആയതിനാൽ ഈ മറുപടി തൃപ്തികരമല്ല.

ബി) ഇൻവോയ്സ് ലഭ്യമല്ല.

താഴെ ചേർക്കുന്ന പ്രവൃത്തികൾക്കായുള്ള സപ്ലൈയുടെ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഇൻവോയ്സുകൾ ലഭ്യമല്ല. കരാറുകാരന് നൽകിയിട്ടുള്ള തുകയിൽ പ്രവൃത്തി ചെയ്യുന്നതിന് ഉപയോഗിച്ച വൈബ്രേറ്റർ, മിക്സർ മെഷീനുകളുടെ വാടകയും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വാടകയുടെയും സപ്ലൈചെയ്ത സാധനങ്ങളുടെയും ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | നൽകിയ തുക |
|---|---|---|
| ചാറ്റുപാറ മുടിമുകൾ കോളനി ബൈപാസ് റോഡ് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 127413.00 |
| കോട്ടമരുതൂർ കനാൽ ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് - വാർഡ് 13 | പ്രവീൺ വർഗ്ഗീസ് | 174656.00 |
| തഴവക്കുന്ന് ആൽപ്പാറ - കപ്യാരുമല റോഡ് കോൺക്രീറ്റിങ്ങ് | പ്രസാദ്.എം.ജി. | എത്ര രൂപ സാധനവിലയായി നൽകി എന്ന് ബില്ലിലോ അളവ് പുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല |
| ഡ്രെയിനേജ് നിർമ്മാണം | മൻസൂർ.പി.എം. | 60581.00 |
| കുളങ്ങാട്ടുപാറ കുരിശുപള്ളിത്താഴെ നിന്നും പമ്പ് ഹൗസ് നടപ്പാത കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 106807.00 |
| കാനം - പൊട്ടയ്ക്കൽ തൊണ്ട് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 65271.00 |
| എട്ടൊന്നുകണ്ടം റോഡ് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 178012.00 |
| മണിയന്ത്രം കോളനി നടപ്പാത കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 108011.00 |
| വഴിയാഞ്ചിറ കനാൽ റോഡ് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 25701.00 |
| കുന്നിയോട് ചാറ്റുപാറ റോഡ് സൈഡ്കെട്ട് | മൻസൂർ.പി.എം. | 45864.00 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| റസ്റ്റ് ഹൗസ് നടപ്പാത കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 35602.00 |
| കുന്നേൽ കോളനി റോഡ് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 178012.00 |
| ഗവ.ആശുപത്രി പിറകുവശം തൊണ്ട് കോൺക്രീറ്റിങ്ങ് | മൻസൂർ.പി.എം. | 29668.00 |

ഇൻവോയ്സുകൾ വരും വർഷങ്ങളിൽ ഫയലിൽ ചേർത്തുകൊള്ളാമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തൻവർഷത്തെ ഇൻവോയ്സുകളും ഫയലിൽ ചേർത്ത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

സി) സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല

കോൺക്രീറ്റിങ്ങ് വേലകൾക്കായി സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 189(a), പി.ഡബ്ലിയു.ഡി.മാനവൽ ഖണ്ഡിക 2109 എന്നിവ പ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ സപ്ലൈകൾക്കും പണം അനുവദിക്കേണ്ടത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളുടെ അടിസ്ഥാനത്തിലായിരിക്കണം. കരാറുകാരന് നൽകിയ തുകയ്ക്കുള്ള അളവ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ടെന്ന് എങ്ങനെ ഉറപ്പാക്കി എന്ന് വ്യക്തമാക്കേണ്ടതാണ്.

മെറ്റീരിയൽസ് സൈറ്റിൽ കൊണ്ടുവരുന്ന വാഹനങ്ങളുടെ അളവ് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നാണ് ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. ചട്ടപ്രകാരം അളവുകൾ രേഖപ്പെടുത്തി മാത്രം പണം അനുവദിക്കേണ്ടതാണ്.

ഡി) ജി.എസ്.ടി- ടി.ഡി.എസ്. ഈടാക്കിയില്ല.

2017 ലെ ജി.എസ്.റ്റി.നിയമം, വകുപ്പ് 51 പ്രകാരമുള്ള ടി.ഡി.എസ്. ഈടാക്കിയില്ല. ഒരേ സാധനങ്ങൾ തന്നെയാണ് കരാറുകാർ വിവിധ പ്രവൃത്തികൾക്കായി സപ്ലൈ ചെയ്തിട്ടുള്ളത്. ഓരോ പ്രവൃത്തിക്കും പ്രത്യേക കരാറുകൾ ഏർപ്പെട്ട് തുക നൽകിയിട്ടുള്ളതിനാൽ നിയമപ്രകാരം കുറവ് ചെയ്യേണ്ട ജി.എസ്.റ്റി. കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. കരാറുകാർക്ക് നൽകിയ ആകെ തുകയുടെയും ഈടാക്കേണ്ടിയിരുന്ന നികുതിയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| കരാറുകാരൻ | വിവിധ സപ്ലൈകൾക്കായി നൽകിയ ആകെ തുക | കുറവ് ചെയ്യേണ്ട ടി.ഡി.എസ് (2%) |
|---|---|---|
| മൻസൂർ.പി.എം. | 960942.00 | 19219.00 |
| ജിത്തു.വി.എസ്. | 405618.00 | 8112.00 |

മേലിൽ ജി.എസ്.റ്റി.നിയമപ്രകാരമുള്ള ടി.ഡി.എസ്.ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇ) അളവ് പുസ്തകം നമ്പർ രേഖപ്പെടുത്തുന്നില്ല.

ഒരു പ്രവൃത്തിയുടെ അളവുകൾ സംബന്ധിച്ച അടിസ്ഥാന രേഖയാണ് അളവ് പുസ്തകം (പി.ഡബ്ലിയു.ഡി. അനുബന്ധം 2100 ഇ.1).ഒരു സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കുന്ന അളവുപുസ്തകങ്ങൾക്ക് തുടർച്ചയായ നമ്പരുകൾ

രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ പല അളവ് പുസ്തകത്തിനും നമ്പർ രേഖപ്പെടുത്താതെയാണ് ഉപയോഗിച്ചിട്ടുള്ളത്.

ഇനി മുതൽ ഉപയോഗിക്കുന്ന അളവ് പുസ്തകങ്ങൾക്ക് നമ്പരുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി മാത്രം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി മേൽ പരാമർശങ്ങൾ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 1-29 2016-17ൽ അംഗീകാരം ലഭിച്ച റസ്റ്റ് ഹൗസ് കുടിവെള്ള പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷം 110/17 നമ്പർ ആയി അംഗീകാരം ലഭിച്ച റസ്റ്റ് ഹൗസ് ജംഗ്ഷൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2.3.17 ൽ ആരംഭിച്ചിരുന്നു. 2016-17 വർഷം അംഗീകാരം ലഭിച്ച പദ്ധതി 2019-20 സാമ്പത്തിക വർഷം അവസാനത്തോടടുക്കുമ്പോഴും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.കുടിവെള്ള പദ്ധതിയുടെ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി നടപ്പാക്കുന്നതിനു പകരം ഓരോ വർഷവും പുതിയ പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതി ഭാഗികമായിട്ടാണ് നടപ്പാക്കി വരുന്നത്. പദ്ധതിക്കായി 2017-18 വർഷം ₹329959/-യും 2018-19 വർഷം ₹531200/-യും 2019-20 വർഷം ₹329916/-യും ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(64)/2019 / 20.07.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 177200 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0016/19) | 177200 | 0 |
| | | 212500 | നെൽക്കൃഷി വികസനം (എസ്.0013/19) | 212500 | 0 |
| | | 300000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0018/19) | 226041 | 73959 |
| | | 1200000 | ലൈഫ് ഭവനപദ്ധതി (ജനറൽ (എസ്.0120/19) | 1200000 | 0 |
| ആകെ | | 1889700 | | 1815741 | 73959 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 345000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(എസ്.0016/19) | 345000 | 0 |
| | | 400000 | ലൈഫ് ഭവനപദ്ധതി (ജനറൽ (എസ്.0120/19) | 400000 | 0 |
| | | 100599 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0018/19) | 100599 | 0 |
| | | 180000 | ലൈഫ് ഭവനപദ്ധതി (ജനറൽ (എസ്.0121/19) | 80000 | 100000 |
| | | 107900 | പാലിയേറ്റീവ് കെയർ പ്രോജക്ട് (എസ്. 0125/19) | 0 | 107900 |
| | | 42500 | പച്ചക്കറി കൃഷി വികസനം (എസ്.0015/19) | 0 | 42500 |
| ആകെ | | 1175999 | | 925599 | 250400 |

ജില്ലാപഞ്ചായത്ത് വിഹിതത്തിൽ മുൻവർഷത്തിൽ ലഭിച്ച തുകയിൽ 26963/- രൂപ ചെലവഴിക്കുവാൻ ബാക്കിയുള്ളതായി ബി.4 ഷെഡ്യൂളിൽ (കോഡ് 320700105) രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകയിൽ 175000/- രൂപ ജല

അതോറിറ്റിയിലും 175970/- രൂപ വൈദ്യുതബോർഡിലും വിനിയോഗവിവരം ലഭ്യമാക്കാതെ നിലനിൽക്കുന്നുണ്ട് ( ഷെഡ്യൂൾ ബി.18, എ.എഫ്.എസ് ).

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2874410/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധ) 564/2010/ ത.സ്വ.ഭ.വ./ 22.02.2010 | 79,27,500 | 15,85,500 | 7,92,750 | 0 | 7,92,750 |
| ലൈഫ് ഭവന പദ്ധതി KURDFC | സ.ഉ.(കൈ)68/2018/ ത.സ്വ.ഭ.വ./ 18.5.2018 | 28,74,410 | 0 | 14,410* | 0 | 28,60,000 |

* തൻവർഷം ചെലവഴിക്കാതെ ബാക്കിവന്ന തുക 14410/- രൂപ വൗച്ചർ നമ്പർ 21801134 / 29.03.2019 പ്രകാരം തിരിച്ചടച്ചു.

# 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8920/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | അക്കൗണ്ട് ഹെഡ് |
|---|---|---|---|---|---|
| 2016-17 | 2-1 | 1920 | സോണി ജോസഫ് | 118030100206 | 280100102 |

| | | | | | |
|---|---|---|---|---|---|
| | | | | /7.5.18 | |
| 2017-18 | 2-4 | 1500 | സോജൻ.എൻ.സി. | 118030103655 / 29.3.19 | 280100102 |
| 2004-05 | 2-2 | 5500 | ബേബി മാത്യു | 118030100249 / 15.5.18 | 280200201 |
| ആകെ | | 8920 | | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49149972.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47373918.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 469200.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ |
|---|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ഇല്ല | ഇല്ല | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 39200/- | ശ്രീ.പൗലോസ്.സി.വി. അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 300000/- | ശ്രീ.ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| 1-25 | 130000/- | ഡോ.അമർലാൽ.കെ. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ആകെ | 469200/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പൗലോസ്.സി.വി. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, വെങ്ങോല ഗ്രാമപഞ്ചായത്ത് | ചൊള്ളക്കാട്ട് വീട്, ഈസ്റ്റ് മാറാടി.പി.ഒ, മൂവാറ്റുപുഴ. 686673 |
| ശ്രീ.ഷൈജു വർഗ്ഗീസ്, സെക്രട്ടറി | സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | മുട്ടുപുറത്ത് വീട്, പൊളിഞ്ഞപാലം, അടിമാലി.പി.ഒ. 685561 |
| ഡോ.അമർലാൽ.കെ. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. മാറാടി | കൊമ്പനാൽ വീട്, മൂവാറ്റുപുഴ.പി.ഒ, കിഴക്കേക്കര |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ (പി 5)769/07 തീ. 13.08.2009 | |
| 1997-98 | എൽ.എഫ്.ഇ (പി 5)84/03തീ. 05.11.2003 | |
| 1998-99 | എൽ.എഫ്.ഇ (പി 5)379/07 തീ. 26.04.2008 | |
| 1999-2000 | എൽ.എഫ്.ഇ (പി 5)856/01 തീ. 07.06.2002 | |
| 2000-01 | എൽ. എഫ് .ഇ (പി 5)962/05 തീ.05.04.2006 | |
| 2001-02 | എൽ. എഫ് .ഇ (പി 5)1380/07 തീ.26.07.2008 | |
| 2002-03 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(i) 2018/ 12.10.2018 | 1 |
| 2005-06 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(iv) 2018/ 12.10.2018 | 2 |
| 2006-07 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(v) 2018/ 12.10.2018 | 5 |
| 2007-08 | എൽ.എഫ് .ഇ (പി 5)1628/08 തീ. 12.08.2009 | |
| 2008-09 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vi) 2018/ 12.10.2018 | 4 |
| 2009-10 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vii) 2018/ 12.10.2018 | 4 |
| 2010-11<br>2011-12 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(viii) 2018/ 12.10.2018 | 2 |
| 2012-13<br>2013-14 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(ix) 2018/ 12.10.2018 | 7 |
| 2014-15 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(x) 2018/ 12.10.2018 | 4 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി8)1400/17 തീ.27.11.2017 | |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പ18)157/19 തീ.18.03.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# <u>അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകയുടെ ചെലവായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്നത് 31392196/- രൂപയാണ്. എന്നാൽ apporopriation Control Register പ്രകാരമുള്ള പ്രസ്തുത ഫണ്ടിന്റെ ചെലവ് 3603216/-രൂപയാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിശദീകരണം, 30.3.2019 ൽ ബിൽ നമ്പർ 256/ 30.03.2019 പ്രകാരം എ.ഇ.യ്ക്ക് കൊടുത്ത 464000/- രൂപ ട്രഷറിയിൽ നിന്നും മാറിപ്പോയിട്ടില്ലെന്നും പ്രസ്തുത തുക ACR റിപ്പോർട്ടിന്റെ ചെലവിൽ നിന്നും ഒഴിവാക്കി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ്.

2. സചിത്ര സാംഖ്യ Integration നിലവിൽ പൂർത്തിയായിട്ടില്ലാത്തതിനാൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3. B.15 ഷെഡ്യൂളിലെ വസ്തുനികുതിക്കുള്ള ലൈബ്രറി സെസ്സ് 2064/- രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ പിരിക്കാനുള്ള ലൈബ്രറി സെസ്സ് 3535/- രൂപയാണ്.

4. വസ്തു നികുതി പ്യൂരിഫിക്കേഷനു ശേഷം ഡിമാന്റിൽ മാറ്റം വരുത്തിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. (I.18 prior period item).

ഡെപ്യൂട്ടി ഡയറക്ടർ

## Annexure – 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Kalloorkad Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Kalloorkad Grama Panchayat for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Abstrct of Defects / Discripancies.

1. In the AFS the expenditure of Central Finance Commission Grant is recorded as Rs.3139216/-. But in the Approprition Control Register it is shown as Rs.3603216/-. The explanation, submitted by the Panchayat in this regard is that, the bill submitted in the Treasury by the Assistant Engineer (for Rs.464000/- vide Bill No.259/30.03.2019) was not passed by the Treasury. It is also informed that Panchayat has taken steps to get that amount (Rs.464000/-) deducted from the Expenditure of Approprition Control Register.

2. As the integration of the accounting software Sankhya and asset Recording software Sachithra is not completed, the accuracy of the accounting of Assets could not be checked.

3. As per the B.15 schedule, the Library Cess of the Property Tax to be collected is Rs.2064/-. But the actual Library Cess to be collected is Rs.3535/-.

4. Details of the changes made in the demand of Property Tax (I.18 Prior Period Item), after the purification process of Property Tax was not provided for verification.

DEPUTY DIRECTOR